**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 717** **17-09-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കി രണ്ടാം ജലവൈദ്യുതി നിലയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി രണ്ടാമത്തെ ജലവൈദ്യുത നിലയം സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിക്കായി വിശദമായ പദ്ധതി രൂപരേഖ (DPR) തയ്യാറാക്കൽ, നിയമപരമായ അനുമതികൾ തേടൽ എന്നീ പ്രവർത്തന ങ്ങൾക്കായി കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ കീഴിലുള്ള വാപ്കോസ് (WAPCOS) എന്ന സ്ഥാപനത്തിനെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. DPR അനുമതിയ്ക്കായി പ്രാരംഭ പഠന റിപ്പോർട്ട് Central Electricity Authority- യിൽ സമർപ്പിച്ചിരുന്നു. ആവശ്യമായ 14 അനുമതികളിൽ ഇതുവരെ രണ്ട് അനുമതികൾ ലഭ്യമായിട്ടുണ്ട്.<br><br>2015 ലെ ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിപ്രകാരം ഇന്ത്യയിലെ എല്ലാ നദികളിലും വർഷം മുഴുവനും നിശ്ചിത അളവിൽ പാരിസ്ഥിതിക നീരൊഴുക്ക് (E-flow) ഉറപ്പുവരുത്തേണ്ടതുണ്ട്. Central Electricity Authority യുടെ സൂക്ഷ്മ പരിശോധനയിൽ നിർദ്ദിഷ്ട പദ്ധതിക്ക് പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കാരണത്താൽ പദ്ധതിയുടെ സ്ഥാപിതശേഷി അംഗീകരിച്ച് കിട്ടിയിട്ടില്ല.<br><br>ഇടുക്കി അണക്കെട്ടിൽ നിന്നും പെരിയാർ നദിയിലേക്ക് തന്നെ വെള്ളം തുറന്നുവിടാൻ സംവിധാനങ്ങൾ ഇല്ലാത്ത തിനാൽ Central Electricity Authority യുടെ നിർദ്ദേശ പ്രകാരമുള്ള പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പ് വരുത്താൻ നിർവ്വാഹമില്ല. Central Electricity Authority യുടെ ആവശ്യം ഒഴിവാക്കി കിട്ടേണ്ടതിനായി പരിസ്ഥിതി വനം കാലാവസ്ഥ നിയന്ത്രണ മന്ത്രാലയത്തിന്റെ ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര-സംസ്ഥാന തലത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. സ്ഥാപിതശേഷി അംഗീകരിച്ചതിന് ശേഷം മാത്രമേ പദ്ധതിയുടെ ബാക്കിയുള്ള DPR ക്ലിയറൻസുകൾ Central |

| | | | |
|---|---|---|---|
| | | | Electricity Authority- യിൽ നിന്നും ലഭ്യമാവുകയുള്ളൂ. പദ്ധതിയുടെ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസ് (ToR) 29.06.2022- ൽ കേന്ദ്ര വനം മന്ത്രാലയം അംഗീകരിച്ചു. അന്തിമ പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം (EIA study) പൂർത്തീകരിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.<br><br>കൂടാതെ, Central Electricity Authority യും Central Water Commission നും WAPCOS ലിമിറ്റഡിനോട് തൊടുപുഴ നദിയുടെ Carrying capacity, നിർദ്ദിഷ്ട തുരങ്കങ്ങൾ നിർമ്മിക്കുമ്പോൾ സമീപത്തുള്ള പഴയ നിർമ്മിതികൾക്ക് ഉണ്ടാകാവുന്ന ആഘാത പഠനം, ഭൂഗർഭ പാറകളുടെ അടുക്കുകൾക്കിടയിലുള്ള ബലപരിശോധന, നിർദ്ദിഷ്ട പ്രദേശത്തിന്റെ ഭൂകമ്പ തീവ്രത പഠനം എന്നീ അധിക പഠനങ്ങൾ കൂടി നടത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പഠനങ്ങൾ WAPCOS ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന വൈദ്യുതി ഉൽപ്പാദനം എത്രയാണ്; വിശദാംശം നൽകാമോ? | (ബി) | നിർദ്ദിഷ്ട ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിയുടെ സ്ഥാപിത ശേഷി 800 മെഗാവാട്ട് ആയിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ നിലവിലുള്ള ഇടുക്കി പദ്ധതിയിലെ പകൽ സമയ വൈദ്യുതോല്പാദനം ക്രമീകരിച്ചു കൊണ്ട് വൈദ്യുതി ആവശ്യകത തീവ്രമായ വൈകുന്നേരങ്ങളിൽ അധികമായി 800 മെഗാവാട്ട് (വാർഷിക ഉത്പാദനം 1170 ദശലക്ഷം യൂണിറ്റ്) വൈദ്യുതി ഉല്പാദിപ്പിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ